# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 517 02/12/2014- ലെ മറുപടിക്ക്

പെട്രോൾ,ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില്പന നികുതി

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക്ക് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില്പന നികുതി എത്ര ശതമാനമായിരുന്നു, നിലവിലുള്ളത് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുള്ള നിരക്ക് ചുവടെ ചേർക്കുന്നു.<br>പെട്രോൾ 29.01%, ഡീസൽ 24.69% } വിൽപ്പന നികുതി<br>മണ്ണെണ്ണ, (പി.ഡി.എസ്) : 4%, പാചക വാതകം (ഗാർഹിക ഉപയോഗം) : 4% } മൂല്യ വർദ്ധിത നികുതി<br>ഇപ്പോൾ ഇവയുടെ നികുതി നിരക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന വിധമാണ്.<br>പെട്രോൾ 28.72%, ഡീസൽ 22.07% } വിൽപ്പന നികുതി<br>മണ്ണെണ്ണ, (പി.ഡി.എസ്): 5%, പാചക വാതകം (ഗാർഹിക ഉപയോഗം): 5% } മൂല്യ വർദ്ധിത നികുതി |
| (ബി) | 2010-11 സാമ്പത്തിക വർഷം മേല്പറഞ്ഞ വില്പന നികുതി ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്ര കോടി രൂപയായിരുന്നു വെന്ന് വ്യക്തമാക്കുമോ; | (ബി) | 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വിൽപ്പന നികുതി ഇനത്തിൽ സർക്കാരിന് 3331.89 കോടി രൂപ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | 2013-14 സാമ്പത്തിക വർഷം മേല്പറഞ്ഞവയുടെ വില്പന നികുതി ഇനത്തിൽ ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയാണ്, നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച | (സി) | 2013-14 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വയുടെ വില്പന നികുതി ഇനത്തിൽ 4437.58 കോടി രൂപ വരുമാനമുണ്ടായി. നടപ്പ് സാമ്പത്തിക വർഷം നാളിതു വരെ (28.11.2014 വരെ) 2907.58 കോടി രൂപ |

| | | | |
|---|---|---|---|
| | വരുമാനം എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ; | | വരുമാനം ലഭിച്ചു. |
| (ഡി) | ഈ സർക്കാർ ഏറ്റവും ഒടുവിൽ എത്ര ശതമാനം വീതം വില്പന നികുതി വർദ്ധിപ്പിച്ചു; ഇതുവഴി പ്രതിവർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപായാണ്.? | (ഡി) | ഏറ്റവും ഒടുവിൽ പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ എണ്ണ കമ്പിനികൾ മാറ്റം വരുത്തിയത് 2014 നവംബർ ഒന്നിനാണ്. അന്ന് പെട്രോളിന്റെ വില 2.41 രൂപയും ഡീസലിന്റേത് 2.25 രൂപയുമാണ് കുറച്ചത്. അടിസ്ഥാന വിലയിൽ കുറവ് ഉണ്ടായപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. ഇത് പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 27.42 ശതമാനത്തിൽ നിന്നും 28.72 ശതമാനമായും ഡീസലിന്റേത് 21.04 ശതമാനത്തിൽ നിന്നും 22.07 ശതമാനമായും പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുവഴി പെട്രോളിൽ നിന്നും പ്രതിമാസം 9.16 കോടി രൂപയും ഡീസലിൽ നിന്നും പ്രതിമാസം 8.36 കോടി രൂപയുടെയും വരുമാനം സംരക്ഷിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് അധിക നികുതി വരുമാനമല്ല. മുമ്പ് കിട്ടിക്കൊണ്ടിരുന്ന നികുതി നിലനിർത്താനുള്ള നടപടിയാണ്. |

സെക്ഷൻ ഓഫീസർ